**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **24-02-2026 - ൽ മറുപടിയ്ക്ക്**

**വന സംരക്ഷണം ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ ഡ്രോൺ നിരീക്ഷണം, ക്യാമറ ട്രാപ്പുകൾ എന്നിവ ഉപയോഗിച്ച് വനസംരക്ഷണം ശക്തിപ്പെടുത്തിയതിന്റെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 12 മിഷനുകൾ രൂപീകരിച്ചിട്ടുള്ളതാണ്. ആയതിൽ മിഷൻ റിയൽ ടൈം മോണിറ്ററിംഗിന്റെ ഭാഗമായി എ.ഐ.ക്യാമറ, തെർമൽ ഡ്രോൺ എന്നിങ്ങനെ ക്യാമറ ബേസ്ഡ് മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. ഡ്രോൺ സംവിധാനം വഴി ദുർഘടമായ വനമേഖലകളുടെ ആകാശദൃശ്യം ലഭ്യമാകുന്നതു വഴി നിയമവിരുദ്ധ പ്രവർത്തനങ്ങൾ, വനം കൈയ്യേറ്റം, വേട്ട, അനധികൃത മരംമുറി, മാവോയിസ്റ്റ് സാന്നിധ്യം ഉൾപ്പെടെ സംരക്ഷിത വനമേഖലകളിൽ അനധികൃത മനുഷ്യ സാന്നിധ്യം, കാട്ടുതീ വ്യാപനം തുടങ്ങിയവ യഥാസമയം കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നുണ്ട്. ഇക്കോ-റെസ്റ്റോറേഷൻ/ പ്ലാന്റേഷൻ പ്രവർത്തനങ്ങളുടെ റിയൽ ടൈം മോണിറ്ററിങ്, വനമേഖലകളിൽ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ വ്യാപ്തി മനസ്സിലാക്കൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ എന്നീ മേഖലകളിലും ഡ്രോണുകളുടെ ഉപയോഗം സഹായകരമാണ്.<br>മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിനും വനം വകുപ്പുമായി ബന്ധപ്പെട്ട അനധികൃത പ്രവർത്തനങ്ങൾ യഥാസമയം മനസ്സിലാക്കുന്നതിനും വന്യമൃഗങ്ങളുടെ സെൻസസ് ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾക്കും ക്യാമറാ ട്രാപ്പുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ലഭ്യമായ മനുഷ്യവിഭവശേഷിയുടെ കാര്യക്ഷമമായ ഉപയോഗം, വനസംരക്ഷണ പ്രവർത്തനങ്ങളിൽ കൃത്യമായ വിവരശേഖരണം, ഏകോപനം എന്നിവ |

| | | | |
|---|---|---|---|
| | | | സാധ്യമാക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിലും ഡ്രോണുകളുടെയും ക്യാമറ ട്രാപ്പുകളുടെയും ഉപയോഗം ഉപകാരപ്രദമാണ്. |
| (ബി) | ഇക്കോ ടൂറിസം പദ്ധതികൾ വഴി പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ സാധ്യത സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | തദ്ദേശീയരായ വനാശ്രിതരുൾപ്പെട്ട വനസംരക്ഷണസമിതികൾ (VSS)/ ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളുടെ (EDC) നേതൃത്വത്തിൽ 80 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി സമിതി/കമ്മിറ്റികളിലെ അംഗങ്ങളെ പദ്ധതി പ്രദേശത്തെ വിവിധ പ്രവർത്തികൾക്കായി നിയോഗിക്കുന്നു. എല്ലാ അംഗങ്ങൾക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിയോഗിച്ച് വരുന്നത്. ഇക്കോടൂറിസം നടത്തിപ്പിലൂടെ 2172 പേർക്കോളം പ്രത്യക്ഷമായും ഏകദേശം ഇരുപത്തയ്യായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. ഇക്കോടൂറിസം പദ്ധതി വഴി പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ സൃഷ്ടിയ്ക്കാൻ താഴെ പറയുന്ന നടപടികൾ വകുപ്പ് നടപ്പാക്കി വരുന്നു:<br>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസുമായി (KITTS) സഹകരിച്ച് ഇക്കോ-ഗൈഡുകൾക്കും മറ്റും പ്രൊഫഷണൽ പരിശീലനം നൽകി വരുന്നു. ഇങ്ങനെയുള്ള പരിശീലനങ്ങൾ ഇക്കോടൂറിസം മേഖലയിൽ ജോലി ചെയ്യുന്നവരെ കൂടുതൽ പ്രൊഫഷണൽ ആക്കുവാനും അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ അവർക്ക് ലഭിക്കാനും ഇടവരുന്നു.<br>സന്ദർശകരെ ആകർഷിക്കാൻ വിവിധ ഫോറസ്റ്റ് ഡിവിഷനുകൾ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ തദ്ദേശീയ ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നുണ്ട്. അവയുടെ നടത്തിപ്പ് വഴി കൂടുതൽ വരുമാനം പ്രാദേശിക ജന വിഭാഗങ്ങൾക്ക് ലഭിക്കുന്നു.<br>ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും പ്രാദേശിക ജനവിഭാഗങ്ങൾ സജീവമായി പങ്കുചേരുന്നു. കൂടാതെ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ കഫറ്റീരിയകളുടെ (ഭക്ഷണശാലകൾ) നടത്തിപ്പ് ചുമതല VSS/EDC അംഗങ്ങളായ പ്രാദേശിക ജന വിഭാഗങ്ങൾക്കാണ്. ഇതുവഴി തുടർച്ചയായ തൊഴിൽ ദിനങ്ങളും, വരുമാനവും അവർക്ക് ലഭിക്കുന്നുണ്ട്.<br><br>കരകൗശല വസ്തുക്കളുടെ നിർമ്മാണം, വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, വിപണനം, ഭക്ഷണപാനീയങ്ങളുടെ വിപണനം, യാത്രാ സംവിധാനം തുടങ്ങിയ മേഖലകളിൽ വലിയൊരു വിഭാഗം പ്രാദേശിക ജനതക്ക് |

| | | | |
|---|---|---|---|
| | | | പരോക്ഷമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇക്കോ ടൂറിസം സെന്ററുകൾ വഴിവെക്കുന്നുണ്ട്. |
| (സി) | അനധികൃത മരം മുറിയും കടത്തും തടയുന്നതിനായി വനം വകുപ്പ് സ്വീകരിച്ച കർശന നടപടികൾ ഫലപ്രാപ്തിയിലെത്തിയോ; വിശദമാക്കാമോ? | (സി) | ഫലപ്രാപ്തി ഉണ്ടായിട്ടുണ്ട് .<br><br>നിലവിലുള്ള വനം-വന്യജീവി സംരക്ഷണ നിയമങ്ങളും വകുപ്പ് നിർദ്ദേശങ്ങളും കൃത്യമായി നടപ്പിലാക്കുന്നതു വഴി അനധികൃത മരംമുറിയും കടത്തും തടയുന്നതിന് സാധിച്ചിട്ടുണ്ട്. പരാമ്പുലേഷൻ, റഗുലർ ഫീൽഡ് വിസിറ്റ്, രാത്രികാല പട്രോളിംഗ്, ചെക് പോസ്റ്റുകൾ തുടങ്ങിയ സംവിധാനങ്ങൾ അനധികൃത മരംമുറിയും കടത്തും തടയുന്നതിന് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ